# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെങ്ങാന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം- /ജി.പി. /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/10/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം- /ജി.പി. /2021 തീയ്യതി: 07/10/2021

## തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 16-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 16-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലതാകുമാരി. എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിശ്വലത. വി.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജസ്റ്റിൻ രാജ്.ജി.എസ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിനുകുമാർ.പി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ശ്രീകല.ജി.എസ് | പ്രസിഡന്റ് | 02-11-2015 | 31-12-2020 |
| ശ്രീ.അപ്സര കുമാർ.വി.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അപ്സര കുമാർ.വി.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.രശ്മി.കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.എ.റഹ്മത്തുള്ള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 24-07-2019 |
| ശ്രീമതി.ആശ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2019 | 16-09-2019 |
| ശ്രീമതി.വിജയ.സി.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 17-09-2019 | 31-03-2020 |
| ശ്രീമതി.ശിവപ്രിയ.വി.ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 30-11-2019 |
| ശ്രീമതി.സ്വപ്ന.ആർ.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-12-2019 | 31-03-2020 |
| ഡോ.വഷീദ ഗുണസെൽവി.എം | മെഡിക്കൽ ഓഫീസർ, CHC | 01-04-2019 | 31-03-2020 |
| ഡോ.ഇന്ദുലേഖ.വി.എം | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.സനൽകുമാർ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.സജീഷ് കുമാർ.എസ് | വില്ലേജ് എക്സ്റ്റൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സന്ധ്യാ ബാബു | വില്ലേജ് എക്സ്റ്റൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലീന ആന്റണി | വില്ലേജ് എക്സ്റ്റൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഫാത്തിമ ബീവി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.മനോജ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-05-2019 |
| ഡോ.സബിത.എ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-06-2019 | 31-03-2020 |
| ശ്രീമതി.മെൽവിൻ ജോസ് | കൃഷി ഓഫീസർ | 01-04-2019 | 08-08-2019 |
| ശ്രീമതി.രമ്യ.ആർ.എസ് | കൃഷി ഓഫീസർ | 09-08-2019 | 09-10-2019 |
| ശ്രീ.പ്രകാശ് ക്രിസ്റ്റ്യൻ | കൃഷി ഓഫീസർ | 10-10-2019 | 31-03-2020 |
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഷീബ.വി.ആർ | ഹെഡ് മാസ്റ്റർ | | |

nil

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Justin Raj T.S (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-1 |
| 2 | ബജറ്റ് ഫയലിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-1-1 |
| 3 | ബജറ്റ് ഫയൽ പരിപാലിക്കുന്നതിൽ അപാകം<br>Written By: Justin Raj T.S (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-2 |
| 5 | വാർഷികധനകാര്യപത്രിക പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-2-1 |
| 6 | ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 20-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-2-2 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം-അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-3-1 |
| 9 | പ്രത്യേകആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിച്ചിട്ടില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 20-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-3-2 |
| 10 | പദ്ധതി അവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 20-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-4 |
| 11 | തൊഴിലുറപ്പ് പദ്ധതി - വരവ് ചെലവ് കണക്ക്.<br>Written By: Justin Raj T.S (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-10-2021) | 1-5-1 |
| 13 | പണം നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ<br>Written By: Renjith C (Auditor, On 24-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-6 |
| 14 | ക്ഷേമ പദ്ധതികൾ<br>Written By: Viswalatha V.L (Senior Grade Auditor, On 25-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-7 |
| 15 | തൊഴിൽ രഹിത വേതന രജിസ്റ്റർ - അപാകതകൾ<br>Written By: Viswalatha V.L (Senior Grade Auditor, On 25-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-7-1 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinukumar P.K (Auditor, On 18-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-8 |
| 17 | തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Viswalatha V.L (Senior Grade Auditor, On 25-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-9 |
| 18 | വസ്തുനികുതി നിർണ്ണയം- അപാകതപരിഹരിക്കേണ്ടതുണ്ട്<br>Written By: Jayalekshmi BK (Senior Grade Auditor, On 20-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-10 |

| | | |
|---|---|---|
| 19 | പ്രതിരോധ പ്രവർത്തനം സർക്കർ നിർദ്ദേശം പാലിക്കുന്നില്ല, ചെലവ് രേഖ ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു.<br>Written By: Vinukumar P.K (Auditor, On 23-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-11 |
| 20 | ശുചിത്വ മിഷൻ ഫണ്ട് ചെലവ് രേഖ ഹാജരാക്കിയില്ല, തുക 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Vinukumar P.K (Auditor, On 23-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-12 |
| 21 | പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>Written By: Vinukumar P.K (Auditor, On 18-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-13 |
| 22 | അംഗനവാടികൾക്കായി വാങ്ങിയ ഭൂമി അസറ്റു രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>Written By: Lathakumari M (Audit Officer, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-14 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.<br>Written By: Vinukumar P.K (Auditor, On 18-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-15 |
| 24 | KWA ,KSEBനിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.<br>Written By: Vinukumar P.K (Auditor, On 18-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-09-2021) | 1-16 |
| 25 | വി.ഇ.ഒ.(നോർത്ത്) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- പൊതുഅപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 20-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-17 |
| 26 | ലൈഫ് ഭവന പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ - 4,40,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Jayalekshmi BK (Senior Grade Auditor, On 20-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-10-2021) | 1-18 |
| 27 | പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും,പിഴപ്പലിശ ഈടാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 18-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-19 |
| 28 | പാഥേയം പദ്ധതി; ഫണ്ട് വിനിയോഗം പൂർണ്ണമായും നിയമാനുസൃതമല്ല<br>Written By: Justin Raj T.S (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-20 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല; 204000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Justin Raj T.S (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-21 |
| 30 | കുടിവെള്ള പദ്ധതി കറണ്ട് ചാർജ്പഞ്ചായത്ത് അടക്കുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Vinukumar P.K (Auditor, On 18-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-22 |
| 31 | പദ്ധതി ഫണ്ട് - കാർഷിക മേഖലയിൽ ചെലവ് ശതമാനത്തിൽ കുറവ്.<br>Written By: Viswalatha V.L (Senior Grade Auditor, On 18-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-23 |
| 32 | ഭവനപുനരുദ്ധാരണപദ്ധതികൾ- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 20-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 1-24 |
| 33 | ജാഗ്രതാ സമിതി പ്രവർത്തനം നിർജ്ജീവമാണ്<br>Written By: Vinukumar P.K (Auditor, On 23-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-25 |

| | | |
|---|---|---|
| 34 | പദ്ധതി നിർവഹണം സർക്കാർ ഉത്തരവ് പാലിക്കുന്നില്ല<br>Written By: Vinukumar P.K (Auditor, On 23-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-26 |
| 35 | പാലിയേറ്റീവ് പ്രവർത്തനം സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല. തുക തടസ്സപ്പെടുത്തുന്നു.<br>Written By: Vinukumar P.K (Auditor, On 23-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സാമ്പത്തികനില<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 17-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 സാമ്പത്തികവർഷത്തെ ബജറ്റ് 21.02.2019 തീയതിയിലെ 01 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 268252400/- രൂപയും ചെലവ് 269136500/- രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 115557345/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 96180084/- രൂപയുമാണ് (റസീപറ്റ് & പേമെന്റ് പത്രിക പ്രകാരം).

### 1-1-1 ബജറ്റ് ഫയലിലെ അപാകതകൾ

2019-20 സാമ്പത്തികവർഷത്തെ ബജറ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നിർവ്വഹണോദ്യോഗസ്ഥർ ബജറ്റ് നിർദ്ദേശം സമർപ്പിച്ചിട്ടില്ല

താഴെ പറയുന്ന നിർവ്വഹണോദ്യോഗസ്ഥർ അനുബന്ധം. 1,2 മാതൃകയിലുള്ള ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

ഡയറിഫാം ഇൻസ്ട്രക്ടർ

ചീഫ് മെഡിക്കൽ ഓഫീസർ, സി. എച്ച്.സി വിഴിഞ്ഞം

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

വി ഇ ഒ (ഈസ്റ്റ്)

വി ഇ ഒ (വെസ്റ്റ്)

ഇത് സംബന്ധിച്ച് 16.08.2021 ൽ 29 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വി ഇ ഒ (ഈസ്റ്റ്) വി ഇ ഒ (വെസ്റ്റ്) എന്നിവരുടെ ഓഫീസുകൾ ഒരേ റൂമിലായതിനാൽ ചെലവുകൾ ഒരുമിച്ച് വി ഇ ഒ (വെസ്റ്റ്) തയ്യാറാക്കി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയില്ല. വി ഇ ഒ (നോർത്ത്) സമർപ്പിച്ച ബജറ്റ് നിർദ്ദേശമാണ് ഫയലിനോടൊപ്പം ഉണ്ടായിരുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ബജറ്റുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കുവാൻ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് ഫയൽ പരിപാലിക്കുന്നതിൽ അപാകം

ഓഡിറ്റിനു ഹാജരാക്കിയ ബജറ്റ് ഫയലിൽ കുറിപ്പു (നോട്ട് ഫയൽ) ഫയലും ഫയൽ നമ്പരും ഉൾപ്പെട്ടിട്ടില്ല. കേരള സർക്കാരിന്റെ ഓഫീസ് നടപടി ഗ്രന്ഥം (എം.ഒ.പി) അദ്ധ്യായം. IV ഖണ്ഡിക 15, 16 എന്നിവ പ്രകാരം ആഫീസിൽനിന്നും പുറപ്പെടുവിച്ചതും ഒരു ഫയൽ ഉദ്ഭവിപ്പിച്ചതുമായ ഒരു പരാമർശത്തിന് ഒരു നമ്പർ നൽകേണ്ടതും തപാലിൽ കിട്ടിയ മറ്റേതൊരു കടലാസുപോലെതന്നെ പതിക്കേണ്ടതുമാകുന്നു. ഓഫീസ് നടപടി ഗ്രന്ഥം (എം.ഒ.പി) അദ്ധ്യായം. VII 48 മുതൽ 58 വരെയുള്ള ഖണ്ഡികൾ ഫയലിലെ കുറിപ്പെഴുത്തിന്റെ അനിവാര്യതയെപ്പറ്റി പ്രതിപാദിക്കുന്നു.

ഇത് സംബന്ധിച്ച് 16.08.2021 ൽ 29 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം ഫയൽ പരിപാലിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് സെക്രട്ടറി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ചതീയതി | അപാകതപരിഹരിച്ച് തിരിച്ചയച്ച തീയതി |
|---|---|---|---|
| 31.7.2020 | 10.06.2020 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധനയിൽ കണ്ട അപാകതകൾ

1. വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ(I-18), Property Tax(Res) ഇനത്തിൽ 465385/- രൂപയും, Property Tax(Non-Res) ഇനത്തിൽ 233980/- രൂപയും എഴുതി തള്ളിയിട്ടുണ്ട്. ഇതിന് പ്രത്യേക കമ്മിറ്റിതീരുമാനമെടുത്തിട്ടില്ല.

2. Property Tax(Res) ഡിമാന്റ്, കളക്ഷൻ, ബാലൻസ്- സഞ്ചയപത്രികയും, വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. Property Tax(Non-Res) സഞ്ചയപത്രിക ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
3. ക്ഷേമപെൻഷൻ- ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിലെ തുക വാർഷികധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
4. 2019-20 സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ (B-14 Stock In Hand (Inventories)) ഉൾപ്പെടുത്തിയിട്ടില്ല.
5. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
6. ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എ.എഫ്.എസ് പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2-2 ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്

വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുൻവർഷം ക്രമീകരിക്കാത്ത 18000/- രൂപ തൻവർഷവും ക്രമീകരിച്ചിട്ടില്ലായെന്ന് കാണുന്നു.

ഇതിൽ 15000/- രൂപ ശ്രീമതി അശ്വതിക്ക് 2015-16 വർഷം നൽകിയതും, 3000/- രൂപ ശ്രീമതി. ജ്യോതിക്ക് 2017-18 ൽ നൽകിയതാണെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.1). അഡ്വാൻസ് തുക അടിയന്തിരമായി ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

2019-20 വർഷത്തെ എ.സി.ആർ, ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പ്ലാൻഫണ്ട് ലഭിച്ചത് ചുവടെ ചേർക്കുംപ്രകാരം ലാപ്സായതായി കാണുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 16817213 | 16236785 | 580428 |
| വികസന ഫണ്ട് (SCP) | 16069765 | 13659967 | 2409798 |
| വികസന ഫണ്ട് (TSP) | 157000 | 75000 | 82000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 14863664 | 4759812 | 10103852 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 18963000 | 5032563 | 13930437 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 5630000 | 2815815 | 2814185 |

ലഭ്യമാകുന്ന ഗ്രാന്റ് തുക ഇത്തരത്തിൽ ലാപ്സ് ആകാതെ പഞ്ചായത്തിന്റെ വികസനപ്രക്രീയയിൽ ഫലപ്രദമായും പൂർണമായും ഉപയോഗിക്കപ്പെടുന്നു എന്നതിൽ പ്രത്യേകം ശ്രദ്ധയൂന്നേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു..

## 1-3-1 ഗ്രാന്റ് വിനിയോഗം-അപാകതകൾ

പദ്ധതി ഫണ്ട് ചെലവുകൾ-വാർഷിക ധനകാര്യപത്രികയിലെയും ഗ്രാന്റ് വിനിയോഗ പത്രികയിലെയും ചെലവ് തുകകളിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ട് ഇനം | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ് | എ.എഫ്.എസ്സ്.ACR (RP-7) പ്രകാരമുള്ള Aചെലവ്. |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 18119137 | 16236785 |
| വികസന ഫണ്ട് (SCP) | 13998203 | 13659967 |

1. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖ. 5.4.1(10) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതാഘടക പദ്ധതിയിക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇത്തരത്തിൽ വകയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിലും വകയിരുത്തിയ തുകയുടെ 67% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കൂടാതെ വനിതാഘടകപദ്ധതിയല്ലാത്ത ജൈവതരിശുഭൂമികൃഷി എന്ന പ്രോജക്ട് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം വകമാറ്റി പദ്ധതി നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്.
2. മാർഗ്ഗരേഖ ഖ.5.4.1(4) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% മാലിന്യസംസ്കരണത്തിനും, ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളമിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വകയിരുത്തൽ നടത്തിയിട്ടില്ല
3. മേൽ മാർഗ്ഗരേഖ ഖ. 6.1, 6.2 എന്നിവ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റിചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച 15% തുകയും, പട്ടികവർഗ്ഗ ഉപപദ്ധതിക്കായി ലഭിച്ച പകുതിയിലധികം (52%) തുകയും പാഴാക്കിയിരിക്കുന്നു

ഇത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും പ്രത്യേക ശ്രദ്ധകൈവരിക്കേണ്ടതുണ്ട്.

## <u>1-3-2 പ്രത്യേകആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിച്ചിട്ടില്ല</u>

ബൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം പ്രത്യേകആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ മുൻവർഷം ചെലവഴിക്കാത്തത് തൻവർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| 320100115- TSC | 306000 |
| 320100204- Grant For Specific Purposes-MPLADS | 8528 |
| 320100299- Grant For Specific Purposes- BUDS | 2571754 |
| 320700204- Grant From Block Panchayat | 569625 |
| 320700205- Grant From District Panchayat | 562800 |

മേൽ ഗ്രാന്റുകൾ ലഭിച്ചത് എന്ത് ആവശ്യത്തിനാണ്, ആയത് ചെലവഴിക്കാത്തതിനുള്ള കാരണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.1) അതാത് ഹെഡ് ഓഫ് അക്കൌണ്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കാണ് ലഭ്യമായതെന്നും, തിരിച്ചടച്ചില്ലായെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. പ്രത്യേകആവശ്യങ്ങൾക്കായി ലഭിച്ച തുക ചെലവഴിക്കാത്തപക്ഷം അതാത് ഏജൻസികളിലേക്ക് തിരികെ നൽകേണ്ടതാണ്.

## <u>1-4 പദ്ധതി അവലോകനം</u>

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 226 | 140966063 (*) | 137 | 70108701 (*) | 89 | 50% |

(*)- ഗുണഭോക്തൃവിഹിതം ഒഴിവാക്കിയുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്

2019-20 വർഷം ചുവടെ ചേർത്തിരിക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ വകയിരുത്തിയ തുകയിൽ 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥർ | ചെലവ് ശതമാനം | വിശദീകരണം |
|---|---|---|
| അസിസ്റ്റന്റ്എഞ്ചിനീയർ | 22% | 2019-20 ലെ 90% വർക്കുകളും പൂർത്തീകരിച്ചെങ്കിലും 2019 നവമ്പർ മുതൽ ട്രഷറി ബാൻ ഉണ്ടായിരുന്നതിനാൽ 2020-21 വർഷമാണ് ബില്ലുകൾ ഭൂരിഭാഗവും മാറിയിട്ടുള്ളതെന്നതാണ് വിശദീകരണം |
| ഹെഡ് മാസ്റ്റർ | 25% | സമയബന്ധിതമായി അപേക്ഷകളും ഗ്രാമസഭഅംഗീകരിച്ച ഗുണഭോക്താക്കളുടെ വിവരവും ലഭിക്കാത്തതിനാലാണ് പല പ്രോജക്ടുകളും നിർവ്വഹണം നടത്താൻ കഴിയാത്തതെന്നതാണ് വിശദീകരണം. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു |
| കൃഷി ഓഫീസർ | 44% | മറുപടി നൽകിയില്ല |
| വി.ഇ.ഒ നോർത്ത് | 44% | മറുപടി നൽകിയില്ല |
| വി.ഇ.ഒ വെസ്റ്റ് | 34% | മറുപടി നൽകിയില്ല |

ചെലവ് ശതമാനത്തിൽ കുറവ് വന്നത് സംബന്ധിച്ച് മറുപടിലഭ്യമാക്കാത്ത നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി - വരവ് ചെലവ് കണക്ക്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 167925.30 | 2190830 | 2358755.30 | 1836811.08 | 521944.22 |
| ഗുണഭോക്താക്ക് നേരിട്ട് നൽകുന്നത് | ----- | 30861365 | 30861365 | 30861365 | ------- |
| ആകെ | 167925.30 | 33052195 | 33220120.30 | 32698176.08 | 521944.22 |

## 1-5-1 തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

2019-20 സാമ്പത്തികവർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല.

ഒരു സ്ഥാപനത്തിലെ എല്ലാ വരവു ചെലവു കണക്കുകളും വ്യവസ്ഥാപിതമായ രീതിയിൽ എഴുതി സൂക്ഷിക്കുവാൻ ഉപയോഗിക്കുന്ന സുപ്രധാന രേഖയാണ് ക്യാഷ്ബുക്ക്. ഇത് ഫോറം നം. TR 7A മാതൃകയിലായിരിക്കണമെന്നും ധനം കൈകാര്യം ചെയ്യുന്ന എല്ലാ ഓഫീസുകളും/സ്ഥാപനങ്ങളും ഇത് പരിപാലിക്കണമെന്നും കേരള ട്രഷറി കോഡ്, വാല്യം. 01, ചട്ടം 92(I) നിഷ്കർഷിക്കുന്നു. ജി.ഒ(പി) നം. 119/08/ഫിൻ തീയതി. 07.03.2008 എന്ന സർക്കാർ ഉത്തരവ് നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ ക്യാഷ്ബുക്ക് ഫോറം നം. TR 7A മാതൃകയിലുള്ളതല്ല എന്നതു മാത്രമല്ല വരവ് ഒരു വശത്തും ചെലവ് ചെലവ് മറുവശത്തുമായി രേഖപ്പെടുത്തുകയോ മാസാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് 13.08.2021 ൽ 21 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഈ സാമ്പത്തികവർഷം മുതൽ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതുന്നതായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓരോ വർഷവും പണം ഇടപാടുകൾ (Transactions) നടത്തുന്ന സ്ഥാപനങ്ങൾക്ക് നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് അനിവാര്യമായതിനാൽ ആയത് നിഷ്കർഷിക്കപ്പെട്ട രീതിയിൽ പരിപാലിക്കുവാൻ ഭരണസമിതി വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്.

ദർഘാസ് പരസ്യം വേണ്ടത്ര പത്രങ്ങളിൽ നൽകിയില്ല

തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ പ്രവൃത്തികൾക്കായി വിവിധ സാധനസാമഗ്രികൾ ലഭ്യമാക്കുന്നതു സംബന്ധിച്ച ദർഘാസ് പരസ്യം ആവശ്യമുള്ളത്ര പത്രങ്ങളിൽ പ്രസിദ്ധീകരണത്തിനായി നൽകിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ദർഘാസ് ക്ഷണിച്ച പ്രവൃത്തിയുടെ പേര് | ദർഘാസ് തുക | ദർഘാസ് തീയതി |
|---|---|---|
| Supply Of Quary Materials | 1826010 | 03.09.2019 |
| Supply Of Cement And Steel | 1409800 | 03.09.2019 |

മേൽ പ്രസ്താവിച്ച ദർഘാസ് പരസ്യങ്ങൾ ഒരു വർത്തമാനപ്പത്രത്തിൽ (കേരള കൗമുദി) മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി ദർഘാസ് പരസ്യങ്ങൾക്ക് ആവശ്യമായ പ്രചാരണത്തിന്റെ അഭാവം നിമിത്തം മതിയായ ടെന്ററുകൾ ലഭിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾക്ക് ഒന്നിലേറെ തവണ പുനർ ദർഘാസുകൾ ക്ഷണിക്കേണ്ടിവന്നു. പുനർ ദർഘാസ് പരസ്യങ്ങളും ഒറ്റ ദിനപ്പത്രത്തിൽ മാത്രമാണ് പ്രസിദ്ധീകരിച്ചിരുന്നത്. ഇത് സാമ്പത്തിക ചെലവും ജോലിഭാരവും വർദ്ധിപ്പിക്കുന്നതിനും മത്സര സ്വഭാവം കുറയ്ക്കുന്നതിനും കാരണമായിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 9(3) (ബി) പ്രകാരം 10 ലക്ഷം രൂപയ്ക്കും 50 ലക്ഷം രൂപയ്ക്കും ഇടയിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാള പത്രത്തിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റു പത്രങ്ങളിലും ദർഘാസ് പരസ്യങ്ങൾ നൽകേണ്ടതാണ്.

ഇതു സംബന്ധിച്ച് 13.08.2021 ൽ 21 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇനി മുതൽ മതിയായ എണ്ണം ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദർഘാസ് നടപടിക്രമങ്ങളിൽ കൃത്യത പാലിക്കുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പണം നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2021 തീയ്യതിയിൽ രാവിലെ 12 പി.എം. സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 13868/- രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറിൽ 13966/- രൂപ സൂക്ഷിച്ചിരിക്കുന്നു. 98/- രൂപ അധികമായി സൂക്ഷിച്ചിരുന്നതിലെ കാരണം വിശദീകരിക്കാൻ ആവശ്യപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3 (എ) യ്ക്ക് പൊതു ജനങ്ങൾക്ക് ബാക്കി നല്കാൻ മതിയായ ചില്ലറ ഇല്ലായിരുന്നതിനാൽ കൗണ്ടറിൽ ഇരുന്ന ഉദ്യോഗസ്ഥൻ തന്റെ പക്കൽ ഉണ്ടായിരുന്ന പണം കൂടി നീക്കിയിരിപ്പ് തുകയ്ക്കൊപ്പം ചേർത്തതാണ് 96 രൂപ അധികമായതിനു കാരണം എന്ന് മറുപടി ലഭിച്ചിരുന്നു. എന്നാൽ ഈ ന്യായീകരണം സ്വീകാര്യമല്ല. തനത് ദിവസം നടക്കുന്ന ഇടപാടിനേക്കാൾ കൂടുതലോ കുറവോ തുക നീക്കിയിരിപ്പായി ഉണ്ടാകാൻ പാടില്ല . ഡേ ബുക്ക് നു അനുസൃതമായി പണം നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

2019-20 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2,58,600/- | 278 |
| കർഷക തൊഴിലാളി പെൻഷൻ | 30,20,700/- | 206 |
| വിധവാ പെൻഷൻ | 2,07,34,600/- | 1440 |
| വാർദ്ധക്യകാല പെൻഷൻ | 3,54,56,700/- | 2490 |
| വികലാംഗ പെൻഷൻ | 59,86,400/- | 415 |
| വിവാഹ ധനസഹായം | 0 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,31,600/- | 36 |

## 1-7-1 തൊഴിൽ രഹിത വേതന രജിസ്റ്റർ - അപാകതകൾ

തൊഴിൽ രഹിത വേതന രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പുതിയ രജിസ്റ്ററിലേക്ക് എടുത്തെഴുതേണ്ടതായ സന്ദർഭങ്ങളിൽ Carried Over To Page രേഖപ്പെടുത്താതേയും, പ്രായ പരിധി കഴിയുന്ന വേളയിൽ ക്ലോസ് ചെയ്യാതേയും പലതിലും ജനനത്തീയതി രേഖപ്പെടുത്താതേയും കാണപ്പെടുന്നു.

ജനനത്തീയതി രേഖപ്പെടുത്താത്തവയുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 2284 | ശ്രീമതി ആര്യ .ജി |
| 2285 | ശ്രീമതി ലക്ഷ്മി. എസ്സ് |
| 2287 | ശ്രീമതി സുലജ. എസ്. ആർ |
| 2319 | ശ്രീമതി രേവതി. സി |
| 2324 | ശ്രീമതി സൂര്യ . എ. എസ് |
| 2325 | ശ്രീമതി ചിഞ്ചു.എം .എസ് |
| 2328 | ശ്രീമതി രജിത. എസ്.ആർ |

രജിസ്റ്ററുകൾ സംബന്ധിച്ച അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുകയും, ആയവ പരിഹരിക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ മറുപടി ലഭ്യമാക്കുകയും ചെയ്യുന്നുണ്ടെങ്കിലും പരിഹരിക്കപ്പെട്ടിട്ടില്ല.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന മേഖലകളിൽ അപാകങ്ങൾ ഉണ്ട്. ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. വിവിധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ഉദാ :- തൊഴിൽ രഹിത വേതന രജിസ്റ്റർ പൂർണ്ണമല്ല.
2. തൊഴിൽ നികുതി ഈടാക്കുന്നതിൽ ജാഗ്രതക്കുറവ് കാണുന്നുണ്ട്. ഉദാ :- പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കല്യാണ മണ്ഡപങ്ങൾ, ദേവസ്വം ബോർഡിന് കീഴിലുള്ള ആരാധനാലയങ്ങൾ, ആഡിറ്റോറിയം, ഹാളുകൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
3. ധനകാര്യ മാനേജ്മെന്റുമായി ബന്ധപ്പെട്ട രേഖകളുടെ പരിപാലനത്തിലെ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാ :- ബജറ്റ് ഫയൽ ക്രമപ്രകാരം പരിപാലിക്കുന്നില്ല.
4. ആസ്തി പരിപാലനം രേഖകൾ സൂക്ഷിക്കുന്നതിൽ അപാകം. ഉദാ :- അംഗനവാടികൾക്കായി വാങ്ങിയ ഭൂമി അസറ്റു രജിസ്റ്ററിൽ ചേർത്തിട്ടില്ല.
5. ഫണ്ട് പരിപാലനത്തിലെ അപാകങ്ങൾ. ഉദാ :- പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ മുൻവർഷം ചെലവഴിക്കാത്തത് തൻവർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

## 1-9 തൊഴിൽ നികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 232, കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.01.2019-ലെ (സി.എസ്)എ9-764/19 എന്നിവയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കല്യാണ മണ്ഡപങ്ങൾ , ദേവസ്വം ബോർഡിന് കീഴിലുള്ള ആരാധനാലയങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചുവടെ ചേർത്തിരിക്കുന്ന ആഡിറ്റോറിയം, ഹാളുകൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | SNDP Hall |
| 2 | Mar Ivanios Parish Hall |
| | |

| | |
|---|---|
| 3 | CSI സെന്റനറി മെമ്മോറിയൽ ഹാൾ |
| 4 | SN ആഡിറ്റോറിയം |
| 5 | ദീപാ ആഡിറ്റോറിയം |

പഞ്ചായത്ത് പരിധിയിൽ 8 പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നതായി പാലളവ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും, കോവളത്ത് പ്രവർത്തിക്കുന്ന പാൽ സൊസൈറ്റിയിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി പിരിച്ചിട്ടുള്ളൂ. തൊഴിൽ നികുതി നൽകാതെ പ്രവർത്തിക്കുന്ന സൊസൈറ്റികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കോട്ടുകാൽ കോണം KUCS

ഉച്ചക്കട അപ്കോസ് 4040

വെങ്ങാനൂർ ക്ഷീരോൽപാദക സഹകരണ സംഘം

പനങ്ങാട് മുട്ടക്കാട് ക്ഷീരോൽപാദക സഹകരണ സംഘം

ഇടുവ ക്ഷീരോൽപാദക സഹകരണ സംഘം

നെല്ലിവിള ക്ഷീരോൽപാദക സഹകരണ സംഘം

4. പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പേര് വിവരം ചുവടെ ചേർക്കുന്നു.

1. രാജേന്ദ്രൻ. എസ്, ശ്രീനന്ദനം

2. സുരേഷ്ബാബു, സി.എസ് ഭവൻ

3. വിനീത് കെ.ആർ, പ്ലാവറത്തല

4. രാജാമണി.ഡി, എടത്താവവിളാകത്ത് വീട്

5. ജയരാജൻ.കെ.സി, ശ്രീ വിശാഖം

6. രാജേഷ്.ആർ, നെല്ലിമൂട്

7. സുരേന്ദ്രൻ.ജി, ശങ്കർ ഭവൻ

8. സജി.സി, ചരുവിൽ ഹൌസ്

9. ഷിബു.ആർ, പൊറ്റവിള വടക്കരികത്ത് പുത്തൻവീട്

10. ഷൺമുഖൻ.ആർ.എസ്, തേരിവിള പുത്തൻ വീട്

11. നീലാമ്പരൻ.കെ, സിന്ധു ഭവൻ

12. സജു.കെ, ആൻജനേയം

13. സജു.ജി.എസ്, പ്ലാവറത്തല പുത്തൻ വീട്

14. രാജേന്ദ്രൻ.ബി, തേരിവിള പുത്തൻ വീട്

15. ബാബു.കെ, തിരുവാതിര

16. നേശയ്യൻ.വൈ, ഹോളിഫാമില്

17. രാജേന്ദ്രൻ.റ്റി, അശ്വതി

18. ജോബിലാൽ, സ്നേഹാലയം

19. ബാബു.ആർ, കാഞ്ഞിരംനിന്ന കിണറുവിള വീട്

20. ഷൈജു.ജി.എസ്, സാലിഭവൻ

21. അജീഷ്.എ, കമുകിൻകോട് റോഡരികത്ത് വീട്

22. ശശി.റ്റി, ജെ.ജെ നിവാസ്

23. ബാലൻ.ഡി.കെ, ജൂബിലി

24. ജോണി.ഡി, ബിജോയ് നിവാസ്

പ്രസ്തുത കരാറുകാർ പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിലധികം പ്രവൃത്തി നടത്തിയിട്ടുണ്ടെന്നും മറ്റ് തദ്ദേശസ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതും, അടവാക്കേണ്ടതും, കൃത്യമായി

ഈടാക്കേണ്ടതുമാണ്. പ്രസ്തുത അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8, തീയതി 10.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-10 വസ്തുനികുതി നിർണ്ണയം- അപാകതപരിഹരിക്കേണ്ടതുണ്ട്

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയസോഫ്റ്റ് വെയർ, മറ്റ് അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

I. വ്യാപാരസ്ഥാപനങ്ങളുടെ വസ്തിനികുതി തെറ്റായി നിർണ്ണയിച്ചതിനാൽ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ,ഷോപ്പുകൾ എന്നിവയ്ക്ക് 40/- രൂപ നിരക്കിലും 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 70/- രൂപനിരക്കിലും അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനങ്ങളിൽ നിന്ന് 40- രൂപ നിരക്കിൽ വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്. ചില ഉദാ. ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം, ഉപയോഗക്രമം | ഗ്രാമപഞ്ചായത്ത് 40/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി | തറവിസ്തീർണ്ണത്തിന്റെ അിസ്ഥാനത്തിൽ 70/- രൂപ നിരക്കിൽ കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|
| 1/625/A ശ്രീമതി റാബിയത്ത് | രണ്ടാം നില (353.93 ച മീ) ഷോപ്പ് | 14157.2 | 24775.1 | 10617.9 |
| 4/111/D കെ.എസ്.മോഹൻ | താഴത്തെ നില (183.72 ച മീ ) ഷോപ്പ് | 7348.8 | 12860.4 | 5511.6 |
| 10/459/A സുരേഷ് കുമാർ | രണ്ടാം നില (128.62 ച മീ ) ഷോപ്പ് | 5144.8 | 9003.4 | 3858.6 |

അടിയന്തിരമായി തെറ്റ് തിരുത്തി നികുതി പുനർനിർണ്ണയിച്ചുനൽകുന്നതാണെന്ന് അപാകതയ്ക്ക് വിശദീകരണം നൽകിയിട്ടുള്ളത്.

കെട്ടിടങ്ങളെ തെറ്റായ ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി കണക്കാക്കുകവഴി പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിന്റെ അപാകത മുഴുവൻ വാർഡുകളിലേയും പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

II. മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 8 മൊബൈൽ ടവറുകളിൽ 3 എണ്ണത്തിൽ നിന്ന് വസ്തുനികുതികുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിടം നം | മൊബൈൽ ടവർ | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 14/335/A | വിഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | 15532 | 2020 ആദ്യപകുതി മുതൽ 2021 രണ്ടാം പകുതി വരെ |
| 2 | 15/511/A | ബി.എസ്.എൻ.എൽ | 52047 | 2013 ആദ്യപകുതി മുതൽ 2021 |

| | | | | |
|---|---|---|---|---|
| | | | | രണ്ടാം പകുതി വരെ |
| 3 | 20/355/A | റിലയൻസ് കമ്മ്യൂണിക്കേഷൻ | 45498 | 2014 രണ്ടാംപകുതി മുതൽ 2021 രണ്ടാം പകുതി വരെ |

മേൽ അപാകതചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതികുടിശ്ശിക ഈടാക്കുന്നതിന് തുടർനടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

III. ഒരു വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുന്നത് ഒരു വ്യക്തിയുടെ പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഇതിൽ നിന്ന് വ്യതിചലിച്ച് ഒരു കുടുംബനാഥന്റെ പേരിലുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമ | തറ വിസ്തീർണ്ണം |
|---|---|---|
| 6/476 A | ലീല (ബിനിൽഭവൻ,വടക്കേക്കര റോഡ്,വവ്വാമൂല,നെല്ലിവിള | താഴത്തെ നില (19.41 ച മീ ) |
| 6/476 B | | താഴത്തെ നില (39.5 ച മീ ) |
| 13/151 A | ഓമനക്കുട്ടൻ. ജി & ശശികല .എസ് (വിഷ്ണുഭവൻ, വള്ളത്തലമേലെ,ചാവിടിനട,വെങ്ങാനൂർ | താഴത്തെ നില (53.32 ച മീ ) |
| 13/151 B | | താഴത്തെ നില (53.32 ച മീ ) |
| 13/420 A | ഭാസ്കരൻ & തങ്കം (സജിഭവൻ ,മേലെതോപ്പുവിളാകം,വെങ്ങാനൂർ, | താഴത്തെ നില (51.72 ച മീ ) |
| 13/420 B | | താഴത്തെ നില (51.72 ച മീ ) |

ആയതിന് വിശദീകരണമാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

IV. മേഖലാനിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയി വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്. ഉദാഹരണം

| വാർഡ് നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 12 | 12/551 A | മുരുകേശൻ, ഉഷകുമാരി | ചരിവുപൊറ്റയിൽ,കട്ടച്ചൽക്കുഴി | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| | 12/553 A | വാസന്തി | ആർ. വി. ഭവൻ,ചരിവുപൊറ്റയിൽ, കട്ടച്ചൽക്കുഴി | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |
| 20 | 1/A | ഷീജ.എസ് | മിസ് പാ, കെ.എസ്.റോഡ്, കോവളം, കോവളം | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 21/A | സതീഷ് കുമാർ | കലനിവാസ്,കെ. എസ്. റോഡ്,കോവളം | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 94/A | ബിന്ദു. ആർ | സാരഥി നിവാസ്,കെ. എസ്. റോഡ്,കോവളം | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

ഇതിന്മേൽ ഗ്രാമപഞ്ചായത്തിൽ നിന്നും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

V. അനധികൃത കെട്ടിടങ്ങൾ- കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

U/A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാകെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല. ഉദാ. I ാം വാർഡിലെ ശ്രീ.നികിതൻ.എസ്, നികിതാഭവൻ, വെള്ളാർ, കോവളം.പി.ഒയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം U/A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിനെ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല.

കൂടാതെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ സഞ്ചയ രജിസ്റ്റർ U/A ലിസ്റ്റ് പ്രകാരമുള്ള എല്ലാകെട്ടിടങ്ങളേയും ഉൾപ്പെടുത്തിയിട്ടില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

VI. വസ്തുനികുതി- രസീത് ക്യാൻസൽ ചെയ്തത് സഞ്ചയയിൽ പ്രതിഫലിച്ചിട്ടില്ല.

2019-20 ലെ ക്യാൻസൽഡ് രസീത് സ്റ്റേറ്റ്മെന്റ് പ്രകാരം 119040101733/6.7.2019 നം. രസീത് ക്യാൻസൽചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയസോഫ്റ്റ് വെയർ പരിശോധിച്ചതിൽ പ്രസ്തുത രസീത് പ്രകാരം ശ്രീ.പ്രസന്നകുമാർ 2017 $1^{st}$ Half മുതൽ 2019 $2^{nd}$ Half വരെയുള്ള വസ്തുനികുതി ഒടുക്കിയിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. മേൽ അപാകങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുക അടിയന്തിരമായി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 പ്രതിരോധ പ്രവർത്തനം സർക്കർ നിർദ്ദേശം പാലിക്കുന്നില്ല, ചെലവ് രേഖ ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 102/19-20 |
| പ്രോജക്റ്റിന്റെ പേര് | പകർച്ചാവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ശാക്തീകരണം |
| അടങ്കൽ | 200,000/- |
| ചെലവ് | 195158/- |
| ബിൽ നം | 17/26.2.20, 30078/-<br>20/31.3.20, 43800/- |

| | |
|---|---|
| | 16/27.2.20, 32750/- |
| | 15/24.3.20, 88530/- |

ഇത്തരം പ്രവൃത്തികൾ നിർവഹണം നടത്തേണ്ടത് തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്, തിരുവനന്തപുരം, തീയതി, 07-06-2019 ലെ 178649/ഡി സി/2015 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. വാർഡ് തല ശുചിത്വ കൂട്ടായ്മകൾ സംഘടിപ്പിക്കണം, ശുചിത്വ സ്ക്വാഡ് രൂപീകരിക്കണം, വാർഡ്തല ശുചിത്വ മാപ്പിംഗ്, പഞ്ചായത്ത് തല കർമ്മ പരിപാടി, ഡ്രൈ ഡേ സന്ദേശം നൽകണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം തുടങ്ങി വിപുലമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം ) മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല മുൻ വർഷങ്ങളിലും ഇത്തരം അപാകങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ പരിഹരിക്കാൻ നിർവഹണോദ്യോഗസ്ഥർ ശ്രമിക്കുന്നല്ല, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതിയും, ഭരണ സമിതിയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

ബിൽ നം. 17/26.2.20 പ്രകാരം 30078/-രൂപ ചെലവഴിച്ച ബില്ലിൽ 18078/- രൂപ റിഫ്രഷ് മെന്റ് പ്രവർത്തനങ്ങളും ഹാൾ സജ്ജീകരണത്തിനുമായ് ചെലവഴിച്ചു. ഇതിൽ 12000/-രൂപയാണ് ഫീൽഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്.

ബിൽ നം.20/ 31.3.2020, 43800/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

ബിൽ നം. 15/24.3.2020, 88530/-രൂപയുടെ ബില്ലിൽ 7750/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 51,550/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-12 ശുചിത്വ മിഷൻ ഫണ്ട് ചെലവ് രേഖ ഹാജരാക്കിയില്ല, തുക 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

ശുചിത്വ മിഷൻ പ്രവർത്തനത്തിന് ചെക്ക് നം 222268, തീയതി, 10-05-2019 പ്രകാരം 100000/- രൂപയും, ചെക്ക് നം 222269, തീയതി, 10-05-2019 പ്രകാരം 200000/- രൂപയും മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഈ പ്രവർത്തനത്തിന്റെ ഫയൽ പരിശോധിച്ചതിൽ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 1,66,250/- രൂപ വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നു. ആകെ 380 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുവാൻ ജനറൽകമ്മിറ്റിയുടെ 14/1019 ലെ,തീരുമാനം നം,9 പ്രകാരം തീരുമാനിച്ചുവെങ്കിലും നാളിതുവരെ ആയതു നടപ്പായിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.) സർക്കാർ ഉത്തരവു നം.2242/11/എൽ.എസ്.ജി.ഡി. തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 1-14 അംഗനവാടികൾക്കായി വാങ്ങിയ ഭൂമി അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല

വെങ്ങാനൂർ പഞ്ചായത്തിൽ ആറാം വാർഡിൽ 1.21 ആർ,ഒൻപതാം വാർഡിൽ 1.4 ആർ ,പതിനഞ്ചാം വാർഡിൽ 1.21 ആർ എന്നിങ്ങനെ മൂന്ന് പ്ളോട്ടുകൾ അംഗനവാടി കെട്ടിട നിർമ്മാണത്തിനായി, 2017 ജൂലൈ മാസം ദാനയാധാരം മുഖേന വാങ്ങിയിട്ടുണ്ട്.ടി വസ്തുക്കൾ നാളിതു വരെ പഞ്ചായത്തിൻറെ അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.ടി .വസ്തുക്കൾ അസറ്റ്രജിസ്റ്ററിൽഉൾപ്പെടുത്താനായി,അസി.എഞ്ചിനീയർക്ക് ജനറൽ കമ്മിറ്റി (തീരുമാനം നം.6,14/10/19 )നിർദ്ദേശം നൽകിയെങ്കിലും,ആയതു നീളിതു വരെ നടപ്പിലായിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണമായും സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-15 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി KSEB,KWA എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

| ക്രമ.നം | പ്രോജക്റ്റ് നം/പേര് | നിർവ്വഹണ ഏജൻസി. | തുക. | ബിൽ നം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 165/20അംഗനവാടി, പൈപ്പ് ലൈൻ നീട്ടൽ | KWA | 39000 | 6/12-7-19 |
| 2 | 173/20 പൈപ്പ് ലൈൻ നീട്ടൽ | KWA | 212000 | 7/12-7-19 |
| 3 | 164/20, അംഗനവാടി, പൈപ്പ് ലൈൻ നീട്ടൽ | KWA | 39000 | 6/12-7-19 |
| 4 | 240/20, ഇലക്ട്റിക്കൽ ലൈൻ നീട്ടൽ | KSEB | 11487+14427 =28914 | 18/9-10-19 |
| 5 | 255/-19, ഇലക്ട്റിക്കൽ ലൈൻ നീട്ടൽ | KSEB | 71130 | 25/9-10-19 |
| 6 | 243/ഇലക്ട്റിക്കൽ ലൈൻ നീട്ടൽ | KSEB | 955000 | 13/26-7-19 KSEB |
| 7 | SO255/20 ഇലക്ട്റിക്കൽ ലൈൻ നീട്ടൽ | KSEB | 726399 | 19/20-8-19 |
| 8 | 254/20 രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | KWA | 90000 | 17/8-9-19 |
| 9 | 210/20SSK വിഹിതം | SSK | 1000000 | 9/12-7-19 |
| 10 | 239/20SSK വിഹിതം | SSK | 300000 | 9/12-7-19 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8A) നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ടി തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന്ന ലഭ്യമാക്കേണ്ടതാണ്.

## 1-16 KWA ,KSEBനിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.

KWA, KSEB നിർവ്വഹിച്ച പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | തുക | ബിൽ നം,തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1.KWA | 165/20 അംഗനവാടി, പൈപ്പ് ലൈൻ നീട്ടൽ | 39000 | 6/12-7-19 | Detailed Estimate ഇല്ല. Abstract Of Estimate ന്റെ അടിസ്ഥാനത്തിൽ തുക നല്കിയിരിക്കുന്നു. എഗ്രിമെന്റ് ഇല്ല. |
| 2.KWA | 65/20 അംഗനവാടി, പൈപ്പ് ലൈൻ നീട്ടൽ | 39000 | 6/12-7-19 | Detailed Estimate ഇല്ല. Abstract Of Estimate-ന്റെ അടിസ്ഥാനത്തിൽ തുക നല്കിയിരിക്കുന്നു. എഗ്രിമെന്റ് ഇല്ല. |
| 3.KWA | 173/20പൈപ്പ് ലൈൻ നീട്ടൽ | 212000 | 7/12-7-19 | -Do- |
| | 255/20, ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 71130 | 25/9-10-19 | കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല. എഗ്രിമെന്റ് പ്രകാരം, 15/3/20 ന് പണി പൂർത്തിയായി, 2 ആഴ്ചയ്ക്കുള്ളിൽ അവ ലഭ്യമാക്കേണ്ടതാണ്. |
| 4.KESB | 244/20, ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 11487+14427 =28914 | 18/9-10-19 | -Do- |
| 5.KSEB | 243/19 ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 1955000 | 3/26-7-19 | കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല. എഗ്രിമെന്റ് ഇല്ല. |

ഭാവിയിൽ മേൽപ്പറഞ്ഞ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വി.ഇ.ഒ.(നോർത്ത്) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- പൊതുഅപാകതകൾ

വി.ഇ.ഒ. നോർത്ത് നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

I) PMAY അധികവിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം. 106/20

അടങ്കൽ - 58667

ചെലവ് - 58667(ബിൽ നം. 5/22.7.2019)

പ്രോജക്ട് പ്രകാരം PMAY അധികവിഹിതമായി 58667/- രൂപ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

Ii) ഓട്ടോറിക്ഷവാങ്ങൽ- രേഖകൾ സൂക്ഷിച്ചിട്ടില്ല – 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 171/20

അടങ്കൽ - 250000/-

ചെലവ് - 200000/- (ബിൽ നം. 1/21.6.2019)

മേൽ പ്രോജക്ട് പ്രകാരം നാല് ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങാനുള്ള ധനസഹായമായ 200000/- രൂപ ബാങ്കിന് നൽകിയിട്ടുണ്ട്. ഇതിലെ ചുവടെ ചേർക്കുന്ന രണ്ട് ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ ലഭിച്ചതിന്റെ ആർ.സി.ബുക്ക് സൂക്ഷിച്ചിട്ടില്ല

1. ശ്രീ.ഷാജി.എസ്, കക്കാക്കുഴി ലക്ഷംവീട്, നെല്ലിവിള

2. ശ്രീ.വിനോദ്കുമാർ, കുഴിവിളവീട്, കട്ടച്ചക്കുഴി, വെങ്ങാനൂർ

രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

Iii) വീട് വാസയോഗ്യമാക്കൽ (എസ്.സി)- അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. 170/20

അടങ്കൽ - 250000/-

ചെലവ് - 200000/- (ബിൽ നം. 1/21.6.2019)

പ്രോജക്ട് പ്രകാരം 17 ഗുണഭോക്താക്കൾക്ക് 37500/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 3ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധരേഖകളും മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. മറ്റ് ഗുണഭോക്താക്കളുടെ അപേക്ഷ ഹാജരാക്കാൻ മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് പ്രകാരം ധനസഹായം നല്കിയ മുഴുവൻ ഗുണഭോക്താക്കളുടേയും അപേക്ഷയും അനുബന്ധരേഖകളും പരിശോധനയ്ക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 ലൈഫ് ഭവന പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ - 4,40,000/- രൂപ തടസ്സപ്പെടുത്തുന്നു.

2019-20 വർഷം ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|
| 107/20 (ലൈഫ്ഭവനപദ്ധതി) | 39949520 | 26698736 |
| 272/20 (ലൈഫ്ഭവനപദ്ധതി(SC)) | 988480 | 700000 |

വി.ഇ.ഒ(ഈസ്റ്റ്) നിർവ്വഹണം നടത്തിയ ലൈഫ്ഭവനപദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ വിശദമാക്കുന്നു.

I)സമയബന്ധിതമായി വീട്പണിപൂർത്തീകരിക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതി പ്രകാരം 2019-20 വരെ കരാറിലേർപ്പെട്ട് തുക കൈപ്പറ്റിയ 7 ഗുണഭോക്താക്കൾ നാളിതുവരെ വീട് പണിപൂർത്തീകരിച്ചിട്ടില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ലൈഫ് ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം സ്റ്റേജ് സർട്ടിഫിക്കറ്റ് , പരിശോധനാ റിപ്പോർട്ട് എന്നിവ വാങ്ങി സൂക്ഷിക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടു. പല അപേക്ഷകർക്കും മുഴുവൻ ഗഡുക്കളും അനുവദിച്ചിട്ടുണ്ടെങ്കിലും വീട് പണി പൂർത്തിയായത് സാധൂകരിക്കുന്ന മോണിട്ടറിംഗ് റിപ്പോർട്ട്, ഫോട്ടോ എന്നിവ സൂക്ഷിച്ചിട്ടില്ല.

രേഖകൾ വാങ്ങി ഒന്നിച്ച് സൂക്ഷിച്ചിട്ടുണ്ടെന്നും, രേഖകൾ ഫയലുകളായി ഹാജരാക്കുന്നതാണെന്നുമാണ് വിശദീകരണം നൽകിയിട്ടുള്ളത്. വീട് പണി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ തുടർപരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, വീട്പണി സമയബന്ധിതമായി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വീട് പണി അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

Ii അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ്.

ലൈഫ് ഗുണഭോക്താക്കളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 28.07.2018ൽ കരാറിലേർപ്പെട്ട് 40,000/- രൂപ അഡ്വാൻസ് വാങ്ങിയ ശ്രീമതി രാധിക, കാവുവിളാകത്ത് വീട്, മുത്തിക്കാട്, കോവളം എന്ന ഗുണഭോക്താവിന് മുൻപ് സർക്കാരിൽ നിന്ന് ഭവനനിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവിന് തുടർന്ന് ഗഡുക്കൾ അനുവദിച്ച് നൽകിയിട്ടില്ല. ടിയാളിൽ നിന്നും അഡ്വാൻസ് നൽകിയ തുക ഈടാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20) മറുപടിയായി തുക ഈടാക്കുന്നതിന് കത്ത് സെക്രട്ടറിക്കും, കമ്മിറ്റിക്കും കൈമാറിയിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ശ്രീമതി രാധികയിൽ നിന്നും അഡ്വാൻസ് തുക പലിശയുൾപ്പെടെ ഈടാക്കുന്നതിലേക്കായി ചെലവ് തുക 40000/- രൂപ തടസ്സപ്പെടുത്തുന്നു.

Iii വീട് പണി തുടങ്ങിയത് മോണിറ്റർ ചെയ്യാതെ രണ്ടാം ഗഡു അനുവദിച്ചു.

ലൈഫ് രജിസ്റ്ററിലെ ക്രമ നം. 32, ശ്രീമതി വത്സല സതികുമാറിന്(ആര്യാനിവാസ്, പനങ്ങോട്) 20.12.2018ൽ ആദ്യഗഡുനൽകിയ ശേഷം വീട് പണിതുടങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാതെ 06.02.2021ൽ അടുത്തഗഡുവായി 160000/- രൂപ അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താവിന്റെ വീട്പണിയുടെ പുരോഗതിവിവരം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിലവിൽ അടിസ്ഥാനം പൂർത്തിയാക്കിയ നിലയിലാണെന്നും, രണ്ടാംഗഡു അനുവദിച്ചെങ്കിലും പണിപുരോഗതിയില്ലാത്തതിനാൽ ടിയാന് നോട്ടീസ് അയച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

ടിയാൻ അടിസ്ഥാനം പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട യാതൊരുരേഖയും ഹാജരാക്കാതെയാണ് രണ്ടാം ഗഡു അനുവദിച്ചിട്ടുള്ള നടപടി ക്രമപ്രകാരമുള്ളതല്ല. ശ്രീമതി വത്സല സതികുമാറിന്റെ വീട്പണി പുരോഗതി വിലയിരുത്തി ഇതിന്മേൽ അടിയന്തിര തുടർനടപടി സ്വീകരിക്കേണ്ടതാണ്.

Iv ക്ലെറിക്കൽ പിഴവുമൂലം തുക അധികം നൽകിയത് ക്രമീകരിക്കേണ്ടതാണ്.

ലൈഫ് രജിസ്റ്ററിലെ ക്രമ നം. 63 ശ്രീമതി.മഞ്ചുകുമാരി 360000/- രൂപ മൂന്ന് ഗഡുക്കളായി നൽകിയശേഷം അവസാനഗഡുവായി 40,000/- രൂപ അനുവദിക്കുന്നതിനു പകരം 02.12.219 ലെ ബിൽ പ്രകാരം 4,00,000/- രൂപ അനുവദിക്കുകയുണ്ടായി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന്(നം.20) മറുപടിയായി ക്ലെറിക്കൽ പിഴവുമൂലമാണ് അപാകത സംഭവിച്ചതെന്നും, തുടർന്ന് ഇത് കണ്ടെത്തി ശ്രീമതി മഞ്ചുകുമാരിയുടെ അക്കൌണ്ടിലേക്ക് 40000/- രൂപ അവസാന ഗഡുവായി നൽകുകയും ശേഷിച്ചതുക അർഹരായമറ്റ് ഗുണഭോക്താക്കൾക്ക് നൽകുകയാണുണ്ടായതെന്നും, ഇതുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് പത്ത് ദിവസങ്ങൾക്കുള്ളിൽ ഹാജരാക്കാമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 1-19 പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും,പിഴപ്പലിശ ഈടാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും, പിഴപ്പലിശ ഈടാക്കാതെ, ഫൈനൽ ബിൽ തുക നല്കിയിട്ടുള്ളതായി കാണുന്നു. കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112, 2112.1 എന്നിവയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കേണ്ടതായിരുന്നു.

| ക്രമ നം | പ്രവൃത്തിയുടെ നം., പേര്, | ബിൽ നം, തീയതി | ബിൽ തുക (രൂ) | പ്രവൃത്തി തുടങ്ങിയ തീയതി | പ്രവൃത്തി പൂർത്തിയായ തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 187/20,<br>സുവർണ്ണജൂബിലി റോഡ്. | 1/19-20/12-7-19 | 451930 | 13/7/18 | 23/3/19 |
| 2 | 192,<br>EMS റോഡ് ടാറിംഗ്. | 3/19-20/20-6-19 | 628156 | 13/7/18 | 8/3/19 |
| 3 | 188,<br>സൊസൈറ്റി ജംഗ്ഷൻ കൈലിപ്പാറ റോഡ്. | 2/19-20/12-7-19 | 669073 | 17/7/18 | 11/2/19 |
| 4 | 46/19<br>കുഴിയറത്തല ചെമ്പംകുളം റോഡ് | 16/19-20/23-7-19 | 1251039 | 1/8/18 | 13/3/19 |
| 5 | 124,<br>കടമ്പറക്കോണം-കോട്ടംപുറം റോഡ്. | 7/19-20/19-8-19 | 665782 | 17/7/18 | 17/6/19 |
| 6 | 62,<br>മൃഗാശുപത്രി-മക്കാക്കോണം റോഡ്. | 12/19-20/20-6-19 | 1020940 | 1/8/19 | 10/4/19 |
| 7 | 143,<br>കായൽക്കൽ കരക്കാട്ടുവിള റോഡ്. | 4/19-20/12-7-19 | 698390 | 30/10/17 | 27/2/19 |
| 8 | 196,<br>അംഗൻവാടി ടോയ്ലറ്റ് നിർമ്മാണം | ചെക്ക്നം.2983673/<br>25/9/19 | 96337 | 6/12/18 | 15/7/19 |
| 9 | 195,<br>അംഗൻവാടി ടോയ്ലറ്റ് നിർമ്മാണം | ചെക്ക് നം.223589/<br>14/1/19 | 94409+96337 | 6/12/18 | 14/10/19 |

ടി പ്രവൃത്തികളുടെ ടെന്റർ നടപടികളോടൊപ്പമുള്ള Forwarding SLIP പ്രകാരം, പൂർത്തീകരണ കാലാവധി നാല് മാസമാകുന്നു. ഫണ്ടു കിട്ടാനുണ്ടായ കാലതാമസം കാരണം ബില്ല് മാറാൻ വൈകിയതാണ് പ്രവൃത്തികളുടെ പൂർത്തീകരണ വൈകാൻകാരണം, എന്ന അസി.എഞ്ചിനീയറുടെ മറുപടി, (ഓഡിറ്റ് എൻക്വയറി നം 18) അംഗീകരിക്കുന്നില്ല. അതിനാൽ, പ്രവൃത്തികളുടെ PAC തുകയുടെ 1% അതു കരാറുകാരിൽ നിന്ന് ഈടാക്കി, പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-20 പാഥേയം പദ്ധതി; ഫണ്ട് വിനിയോഗം പൂർണ്ണമായും നിയമാനുസൃതമല്ല

പ്രോജക്ട് നം. So 123/20

പദ്ധതിയുടെ പേര്: പാഥേയം (എസ്.സി)

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

പ്രോജക്ട് മേഖല: വയോജന ക്ഷേമം

ഫണ്ടിനം: 1) വികസന ഫണ്ട് (എസ്.സി.പി): 115200/-രൂപ

2) ജില്ലാ പഞ്ചായത്ത് വിഹിതം : 172800/-രൂപ

ആകെ അടങ്കൽ: 288000/-രൂപ

ഭരണാനുമതി നമ്പരും തീയതിയും. 5 (1)/07.12.2018

ട്രഷറി ബിൽബുക്ക് പ്രകാരം ബിൽ നമ്പർ, തീയതി, തുക: 1) Sl.No.6 Patheyam (123) 55800/-, 07.09.2019

2) Sl.No.8 പാഥേയം (SCP) 46800/-, 23.10.2019

3)Sl.No.14 പാഥേയം (SCP)

12600/-, 24.12.2019

ഗ്രാമ പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ചേർത്ത് എസ്. സി വിഭാഗത്തിൽ ഉൾപ്പെട്ട അഗതികളും 60വയസ്സ് കഴിഞ്ഞവരും ഒരു നേരത്തെ ആഹാരം പോലും ലഭിക്കാത്തവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. രേഖകൾ പ്രകാരം 45 ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. ഈ ഗുണഭോക്താക്കളിൽ ചിലർ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടവരായിരുന്നു. എസ്.സി.പി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയായതിനാൽ ജനറൽ വിഭാഗത്തിലുള്ളവരെ ഗുണഭോക്താക്കളാക്കിയത് നിയമ വിരുദ്ധമാണ്. കൂടാതെ ജനറൽ വിഭാഗത്തിനു വേണ്ടി

പാഥേയം-ജനറൽ (So 119/20) എന്ന മറ്റൊരു പദ്ധതിയും ഇതേ കാലയളവിൽ തന്നെ പഞ്ചായത്ത് നടപ്പിലാക്കിയിരുന്നു. പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി വച്ചിട്ടുള്ള ഫണ്ട് മറ്റു വിഭാഗങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത് സർക്കാരിന്റെ നയങ്ങൾക്ക് വിരുദ്ധമാണ്.

ഇതു സംബന്ധിച്ച് 09.08.2021 തീയതിയിൽ 06 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീ മുഖേന തെരഞ്ഞെടുത്ത 45 ഗുണഭോക്താക്കളെ ഗ്രാമസഭയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എസ്.സി.പി ഫണ്ട് ചെലവഴിക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും മതിയായ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല; 204000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. So 253/20

പദ്ധതിയുടെ പേര്: പൈപ്പ്‌ലൈൻ നീട്ടൽ (എസ്.സി)

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

നിർവ്വഹണ ഏജൻസി: കേരള വാട്ടർ അതോറിറ്റി

നിർവ്വഹണ രീതി: ഡെപ്പോസിറ്റ് വർക്ക്

ഫണ്ടിനം: വികസന ഫണ്ട് (എസ്.സി.പി): 204000/-രൂപ

ആകെ അടങ്കൽ: 204000/-രൂപ

ഭരണാനുമതി നമ്പരും തീയതിയും. 1 (03)/04.06.2019

ബിൽ റഫറൻസ് നമ്പർ (B R N): 19020452009900767197

മുട്ടയ്ക്കാട് വാർഡിലെ പള്ളിവിള ചാമവിള റോഡിൽ നിലവിലുള്ള പൈപ്പ്‌ലൈൻ എസ്. സി വിഭാഗക്കാർക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ 250 മീറ്റർ കൂടി നീട്ടുന്നതിന് വേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണിത്. നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയുടെ സംക്ഷിപ്ത രൂപത്തിലുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി തുക കൈമാറിയിട്ടുള്ളത്. നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും വിശദമായ എസ്റ്റിമേറ്റിന്റെ അഭാവത്തിലാണ് തുക കൈമാറിയത്. കൂടാതെ കൈപ്പറ്റു രസീതും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് 09.08.2021 തീയതിയിൽ 06 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പരിശോധിച്ചാൽ നാളിതുവരെ പദ്ധതി ആരംഭിച്ചിട്ടുപോലുമില്ലെന്ന് മനസ്സിലാക്കാം. ഈ മറുപടിയിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ആഗസ്റ്റ് 31 ന് ആരംഭിച്ച് ഒക്ടോബർ 30 നകം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സർട്ടിഫിക്കറ്റും ലഭ്യമാക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാരണങ്ങളാൽ ഈ പദ്ധതിക്കു വേണ്ടി വിനിയോഗിച്ച 204000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 കുടിവെള്ള പദ്ധതി കറണ്ട് ചാർജ്പഞ്ചായത്ത് അടക്കുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

കട്ടച്ചൽക്കുഴി, സിസിലിപുരം സുനാമിയെന്ന പുനരധിവാസ പദ്ധതികളുടെ ഭാഗമായ കുടിവെള്ള പദ്ധതികളുടെയും, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെയും, പ്രതിമാസ കറണ്ട് ചാർജ്ജ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് അടച്ചു വരുന്നു. സ.ഉ.(കൈ)നം.22/2018/തസ്വഭവ.,തീയതി 14-2-18 പ്രകാരം, പട്ടിക ജാതി,പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടേത് ഒഴികെയുള്ള കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്ജ് അടയ്ക്കുന്നത് ഗുണഭോക്താക്കളുടെ കൂട്ടായ്മയാണ്. ടി പദ്ധതികളുടെ ഗുണഭോക്താക്കളിൽ ഭൂരിപക്ഷം പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും, പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം 5) ഗുണഭോക്താക്കളുടെ കൂട്ടായ്മ രൂപീകരിച്ച് ടി പദ്ധതികളുടെ ദൈനംദിന നടത്തിപ്പ് അവർക്ക് കൈമാറേണ്ടതാണ്.

## 1-23 പദ്ധതി ഫണ്ട് - കാർഷിക മേഖലയിൽ ചെലവ് ശതമാനത്തിൽ കുറവ്.

2019-20 വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ ഇഞ്ചികൃഷി വ്യാപനം വനിത (118/20), ജൈവസമൃദ്ധി തരിശു ഭൂമി കൃഷി (269/20) എന്നിവയിലൊഴികെ വകയിരുത്തിയിരുന്ന തുകയുടെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പദ്ധതിയുടെ നം പേര് | വകയിരുത്തിയ | ചെലവഴിച്ച | ശതമാനം |
|---|---|---|---|---|

| നം | | തുക | തുക | |
|---|---|---|---|---|
| 1 | 103/20- പച്ചക്കറികൃഷി കൂലിച്ചെലവ് | 12,42,000/- | 2,29,500/- | 18.47% |
| 2 | 135/20-ഹരിത ഭവനം | 3,85,200/- | 99,900/- | 25.93% |
| 3 | 141/20-ജൈവസമൃദ്ധി തരിശു ഭൂമി കൃഷി-വനിത | 15,75,000/- | 0 | 0 |
| 4 | 169/20-ജലസേചന പമ്പ്സെറ്റ് (SO) | 2,15,685/- | 3,872/- | 1.79% |
| 5 | 172/20-ജൈവസമൃദ്ധി തരിശു ഭൂമി കൃഷി(SO) | 18,85,000/- | 54,160/- | 2.87% |

ജൈവസമൃദ്ധി തരിശു ഭൂമി കൃഷിയ്ക്ക് ചെലവഴിച്ച തുക ഗ്രാന്റിൽ വനിതാ ഘടക പദ്ധതിയിൽ (141/20)ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലഭ്യമാക്കിയിരിക്കുന്ന Expenditure Report- ൽ തുക ചെലവഴിച്ചിരിക്കുന്നത് ജൈവസമൃദ്ധി തരിശു ഭൂമി കൃഷി (172/20) എന്നതിലാണ് ചേർത്തിരിക്കുന്നത്. പദ്ധതികൾക്കായി സമർപ്പിച്ച അപേക്ഷകളിൽ പലതിലും കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല പലതവണ എൻക്വയറി (നം.80/10.08.21, 22/13.08.21, 31/16.08.21) നൽകിയ ശേഷമാണ് പദ്ധതികളുടെ രേഖകളും ഫയലുകളും ഓഡിറ്റിന് ലഭ്യമാക്കിയത്. ആയതും ഓഡിറ്റിന്റെ അവസാന മണിക്കൂറുകളിൽ. മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-24 ഭവനപുനരുദ്ധാരണപദ്ധതികൾ- അപാകതകൾ

1. എസ്റ്റിമേറ്റ് സമർപ്പിക്കാത്ത അപേക്ഷകർക്ക് പദ്ധതി പ്രകാരമുള്ള തുക അനുവദിച്ചു

പ്രോജക്ട് നം. - 110/20 വീട് വാസയോഗ്യമാക്കൽ(ജനറൽ)

അടങ്കൽ - 30,00,000/-

ചെലവ് - 10,50,000/-

പ്രോജക്ട് പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഗുണഭോക്താവിന് 25000 രൂപ വീതം 42 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 6 അപേക്ഷകർ അപേക്ഷയോടൊപ്പം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. അതിനാൽ എന്തൊക്കെ അറ്റകുറ്റ പണികളാണ് ഇവർ പദ്ധതി പ്രകാരം ലഭിച്ച തുക ഉപയോഗിച്ച് ചെയ്തിരിക്കുന്നതെന്ന് വ്യക്തമല്ല. (എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ലാത്ത അപേക്ഷകർ
ശാന്ത കുമാരി. എം, ധന്യ എ എസ്, ശാലിനി എസ് എൻ, സുജ എസ്, ചിത്ര എം, വിനിത കുമാരി ) അപേക്ഷകൻ പദ്ധതി പ്രകാരമുള്ള തുക ലഭിക്കാൻ അർഹൻ ആണോ എന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നും കൃത്യമായി വിലയിരുത്തിയിട്ടുമില്ല. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപേക്ഷകരുടെ എസ്റ്റിമേറ്റും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ii) ന്യൂ ലൈഫ് ഇട്ടുവ ലക്ഷം വീട് കോളനിയിലെ വീട് നവീകരണം- മൂല്യനിർണ്ണയ സാക്ഷ്യ പത്രം സൂക്ഷിച്ചിട്ടില്ല

പ്രോജക്ട് നം.1 - 161/20 (ന്യൂ ലൈഫ് ഇട്ടുവ ലക്ഷം വീട് കോളനിയിലെ വീട് നവീകരണം(എസ്.സി))

അടങ്കൽ - 7,50,000/-

ചെലവ് - 1,50,000/-

മേൽ പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കാനായി രണ്ട് ഗുണഭോക്താക്കൾക്കായി(ശ്രീമതി മംഗല, ശ്രീമതി ലളിത) 150000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകർ എസ്റ്റിമേറ്റ് സമർപ്പിക്കാതെയാണ് അറ്റകുറ്റപ്പണിക്കുള്ള തുക അനുവദിച്ചിരിക്കുന്നത്. കൂടാതെ എൽ. എസ്. ജി. ഡി എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിപ്രകാരം നടത്തിയ അറ്റാകുറ്റപ്പണികൾ എന്തൊക്കെയാണെന്ന് വ്യക്തമല്ല. കൂടാതെ പദ്ധതി പ്രകാരം രണ്ട് ഗുണഭോക്താക്കൾക്കായി വിതരണം ചെയ്ത 1,50,000 രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30 ന മറുപടി ലഭിച്ചിട്ടില്ല.

ഇത്തരം പദ്ധതികൾ വിഭാവനം ചെയുമ്പോൾ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക എന്തൊക്കെ രീതിയിലാണ്

ചിലവഴിക്കപ്പെടുന്നതെന്ന് കൃത്യമായി വിലയിരുത്തേണ്ടതാണ്. കൂടാതെ അനുവദിക്കുന്ന തുക കൃത്യമായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. അപാകം പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-25 ജാഗ്രതാ സമിതി പ്രവർത്തനം നിർജ്ജീവമാണ്

ജാഗ്രത സമിതി മാർഗരേഖ സ.ഉ(എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം(എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാനും തുടർ പ്രവർത്തനങ്ങൾ സംബനധിച്ചും ചർച്ച ചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം.

രണ്ട് മാസത്തിലൊരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിക്കണം. ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ , ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്.

ഇവിടെ വാർഡ് തലത്തിൽ ബോധവൽക്കരണ ക്യാമ്പ് നടത്തിയ പ്രവർത്തനം നടത്തിയതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം ) നൽകിയ മറുപടിയിൽ ഗ്രാമപ്പഞ്ചായത്ത് തലത്തിൽ ഏകോപന പ്രവർത്തനം നടത്തിയിട്ടില്ലായെന്നും മോണിട്ടറിംഗ് പ്രവൃത്തികൾ കാര്യക്ഷമമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് തലത്തിൽ വളരെ കാര്യക്ഷമമായി പ്രവർത്തിക്കേണ്ട സംവിധാനമാണ് ജാഗ്രതാസമിതി. ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ക്ഷേമകാര്യ സ്ഥിരം സമിതിയും ഭരണ സമിതിയും പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 1-26 പദ്ധതി നിർവഹണം സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 132/19-20 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷി കലോത്സവം |
| അടങ്കൽ | 75000/- ( വി. ഫ ജനറൽ) |
| ചെലവ് | 66421/- |
| ബിൽ നമ്പർ | 5/20-12-2019, തുക 66421/- |

സബ് വൌച്ചർ നം 3, ബിൽ നം255, തീയതി, 2-11-2019 തുക, 38500/-രൂപ ഭിന്നശേഷി കലോത്സവത്തിന് ഭക്ഷണം നൽകാൻ ചെലവഴിച്ചിട്ടുണ്ട്. ഇതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള( നം ) മറുപടിയിൽ ക്വട്ടേഷൻ വിളിച്ചിട്ടില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. 15000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ പാലിക്കേണ്ട നടപടി ക്രമം പാലിച്ചിട്ടില്ല. പദ്ധതി നിർവഹണ സമയത്ത് സർക്കാർ ഉത്തരവുകൾ പാലിക്കാൻ നിർവഹണോദ്യോഗസ്ഥ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പാലിയേറ്റീവ് പ്രവർത്തനം സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല. തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 100/19-20 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 10,00,000/- |
| ചെലവ് | 922570/- |
| ബിൽ നം | 4/30.8.2019, 129070/-<br>06/11.10.19, 108348/-<br>7/22.11.2019, 31600/- |

പാലിയേറ്റീവ് കുടുംബസംഗമത്തിൽ 427 പേർക്ക് 110/-രൂപ നിരക്കൽ ഓണസദ്യ നൽകുകയുണ്ടായി. ഈ പ്രവർത്തനത്തിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിൽ ചെലവഴിച്ച 46970/-രൂപ തടസ്സപ്പെടുത്തുന്നു.

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി സർക്കാർ ഉത്തരവുകൾക്ക് അനുസരിച്ചുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. പാലിയേറ്റീവ് നിർവഹണ കമ്മിറ്റിയുടെ മിനിട്സ് ഹാജരാക്കിയിട്ടില്ല. പാലിയേറ്റീവ് പ്രവർത്തനം സർക്കാർ മാർഗ്ഗരേഖ അനുസരിച്ച് നടത്തണമെന്ന് മുൻകാലങ്ങളിലും നിർദ്ദേശം നൽകിയെങ്കിലും പ്രാവർത്തികമാക്കാൻ നിർവഹണോദ്യോഗസ്ഥരും ഭരണ സമിതിയും ശ്രദ്ധിക്കുന്നില്ല. പാലിയേറ്റീവ് പ്രവർത്തനം മാർഗ്ഗ രേഖക്ക് അനുസരിച്ച് ക്രമീകരിക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 15853302 |
| വരവ് | 99704043 |
| ആകെ | 115557345 |
| ചെലവ് | 96180084 |
| നീക്കിയിരിപ്പ് | 19377261 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 541875 | 2019-20 | സ്നേഹസ്പർശനം | 259750 | 100000 | 569625 |
| | | | ക്ഷീരസമൃതി | | 100000 | |
| | | | ബഡ്സ് സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം | | 32000 | |
| | | | ജൈവസമൃദ്ധി | | 0 | |
| | | | ന്യൂലൈഫ്- ഇടുവ ലക്ഷംവീട് കോളനിയിലെ വീട് നവീകരണം | | 30000 | |
| | | | ആകെ | | 262000(*1) | |
| ജില്ലാ പഞ്ചായത്ത് | 1497636 | 2020-21 | സ്നേഹസ്പർശനം | 1969950 | 186000 | 562800 |
| | | | ക്ഷീരസമൃതി | | 100000 | |
| | | | ലൈഫ് ഭവനം | | 910000 | |
| | | | ലൈഫ് ഭവനം(SC) | | 700000 | |
| | | | ജൈവസമൃദ്ധി | | 20400 | |
| | | | ഹരിതഭവനം | | 49950 | |
| | | | ന്യൂലൈഫ്- ഇടുവ ലക്ഷംവീട് കോളനിയിലെ വീട് നവീകരണം | | 60000 | |
| | | | ആകെ | | 2026350(*2) | |

(*1)- വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവ്- 232000/-

(*2)- വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവ്- 2126350/-

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 12931823 | 1446219 | - | 14378042 | - | 14378042 |
| കെ.എസ്.ഇ.ബി | 11316302 | 823443 | - | 12139745 | - | 12139745 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 0 | 90000 | - | 90000 | - | 90000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ-വായ്പ തിരിച്ചടവ്

| വായ്പ വിവരം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| KURDFCലോൺ | 5550726 | 21640000 | 2220588 | 24970138 |

4-6 സ്ഥിരനിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി | റിമാർക്കസ് |
|---|---|---|---|---|---|
| | | 22314 | | | |
| | ആകെ | 22314 | | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 115557345 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96180084 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,42,520 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് ഉദ്യോഗപ്പേര് |
|---|---|---|
| 1-11 | 51,550 | ഡോ.വഷീദ ഗുണസെൽവി.എം, മെഡിക്കൽ ഓഫീസർ- സി.എച്ച്.സി |
| 1-12 | 3,00,000 | ഡോ.വഷീദ ഗുണസെൽവി.എം, മെഡിക്കൽ ഓഫീസർ- സി.എച്ച്.സി |
| 1-17(Ii) | 2,00,000 | വി.ഇ.ഒ (നോർത്ത്) |
| 1-17(Iii) | 2,00,000 | വി.ഇ.ഒ (നോർത്ത്) |
| 1-18(Ii) | 40,000 | ശ്രീമതി.സന്ധ്യാ ബാബു, വി.ഇ.ഒ -ഈസ്റ്റ് |
| 1-18(Iv) | 400,000 | ശ്രീമതി.സന്ധ്യാ ബാബു, വി.ഇ.ഒ -ഈസ്റ്റ് |
| 1-21 | 2,04,000 | ശ്രീ.എ.റഹ്മത്തുള്ള, അസി. സെക്രട്ടറി |
| 1-27 | 46,970 | ഡോ.വഷീദ ഗുണസെൽവി.എം, മെഡിക്കൽ ഓഫീസർ- സി.എച്ച്.സി |
| ആകെ | 14,42,520 | |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18 തി.08.06.18 | 1 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18,തീയതി 08.06.18 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18, തീയതി 08.06.18 | 3 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1412/18 തീയതി 08.06.18 | 5 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18, തീയതി 08.06.18 | 1 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18, തീയതി 08.06.18 | 1 | |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/170/2014 തീയതി 11.02.2014 | 15 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1064/14 തീയതി 04.04.2014 | 20 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/673/2015 തീയതി 05.08.2015 | 17 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/379/2016 തീയതി 04.02.2016 | 39 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/2015/16 തീയതി 24.11.2016 | 19 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/317/18, തീയതി 13.03.2018 | 13 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/2399/18 തീയതി 02.08.2019 | 24 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/2399/18 തീയതി 02.08.2019 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## .ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്